# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1416 — 06.03.2020 ലെ മറുപടിക്ക്

**<u>തിരുവനന്തപുരം നഗരസഭയിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള പ്രദേശങ്ങളിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി എഞ്ചിനീയറിംഗ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കെട്ടിടങ്ങളാണ് അനധികൃതമായി നിർമ്മിച്ചതായി കണ്ടെത്തിയിട്ടുള്ളത്; | (എ) കണ്ടെത്തിയിട്ടുണ്ട്. ആകെ 826 കെട്ടിടങ്ങളാണ് അനധികൃത നിർമ്മാണമായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) പാർക്കിംഗ് സ്ഥലം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത വ്യാപാര സ്ഥാപനങ്ങളിൽ വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെയും പാർക്കിംഗ് സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർക്കെതിരെയും എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചത്? | (സി) അനധികൃത നിർമ്മാണങ്ങളുടെ ലിസ്റ്റ് എല്ലാ മാസവും ശേഖരിക്കുകയും നോട്ടീസ് നൽകി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നഗരസഭ ടൗൺ പ്ലാനിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ, ഹെൽത്ത് വിഭാഗം ജീവനക്കാർ, പോലീസ് വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ സംയുക്ത പരിശോധന നടത്തി പാർക്കിംഗ് സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും നിയമാനുസൃതമായ മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**